# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.391 18.12.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കൻഡറി മേഖലയിൽ അനുവദിച്ച സ്കൂളുകളും ബാച്ചുകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ .പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ .കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കൻഡറി മേഖലയിൽ അടുത്ത അദ്ധ്യയനവർഷം മുതൽ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിലും, വടക്കോട്ടുള്ള ജില്ലകളിലുമായി പുതിയ സ്കൂളുകളും അധിക ബാച്ചുകളും അടക്കം 678 ഹയർ സെക്കന്ററി ബാച്ചുകൾ 2013-14 അധ്യയന വർഷം സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും അനുവദിക്കാൻ സർക്കാർ 2013-ൽ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. പുതിയ ഹയർ സെക്കന്ററി സ്കൂളുകൾക്കും അധികബാച്ചുകൾക്കും ആയി ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് ശുപാർശചെയ്യുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായി ഒരു ആറംഗസമിതിയെയും സർക്കാർ ചുമതലപ്പെടുത്തിയിരുന്നു.എന്നാൽ സർക്കാർ ഈ കാര്യം പുന:പരിശോധിക്കുകയും ആവശ്യമുള്ള പ്രദേശങ്ങളിൽ നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കാൻ തീരുമാനിക്കുകയും അപ്രകാരം നടപടികൾ കൈക്കൊള്ളാൻ |

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ സർക്കാർ ഈ തീരുമാനവും പുന പരിശോധിക്കുകയും പ്രാദേശിക ആവശ്യകത കണക്കിലെടുത്ത് മന്ത്രി സഭാ ഉപസമിതിയുടെ ശുപാർശപ്രകാരം അവശ്യമായ പ്രദേശങ്ങളിൽ പുതുതായോ അധികമായോ ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 31/07/2014-ലെ സ.ഉ. (കൈ.) നം. 143/2014/ പൊവി അനുസരിച്ച് 700 ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ ഈ തീരുമാനം ബഹു.ഹൈക്കോടതി മുമ്പാകെ ഡബ്ലിയു പി (സി )നം.18176/14 മുതലായ ഹർജികളിൽകൂടി ചോദ്യം ചെയ്യപ്പെടുകയും ഹൈക്കോടതി അതിന്റെ 18/08/2014-ലെ ഇടക്കാല വിധിയിൽ 2013-14 ലേക്ക് ഹയർ സെക്കന്ററി ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗസമിതി ശുപാർശചെയ്ത പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും മാത്രം അനുവദിക്കാൻ ഉത്തരവാകുകയുമുണ്ടായി. ഇതിനെതിരെ സർക്കാർ സമർപ്പിച്ച റിട്ട് അപ്പീൽ 01/09/2014-ൽ ഹൈക്കോടതി നിരസിച്ചതിനാൽ ആറംഗസമിതി ശിപാർശചെയ്ത 417 ഹയർ സെക്കന്ററി ബാച്ചുകൾക്ക് 2014-15 അധ്യയന വർഷത്തേക്ക് താത്ക്കാലിക പ്രവർത്തനാനുമതി നൽകുകയും അവശേഷിക്കുന്ന 219 ഹയർ സെക്കന്ററി ബാച്ചുകൾക്ക് 2015-16 അധ്യയന വർഷത്തേക്ക് താത്കാലിക പ്രവർത്തനാനുമതി നൽകിക്കൊണ്ടും 24/11/2014-ലെ സ.ഉ.(കൈ.) നം. 247/14/പൊവി പ്രകാരം ഉത്തരവാകുകയുണ്ടായി. മേൽ 219 ഹയർ സെക്കന്ററി ബാച്ചുകൾ അല്ലാതെ പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും അടുത്ത അധ്യയന പർഷം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) നിലവിൽ എത്ര ഹയർ സെക്കൻഡറി സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയിക്കാമോ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാണോ; വിശദമാക്കാമോ;

(ബി) ഇക്കൊല്ലത്തെ പ്ലസ് വൺ പ്രവേശന പ്രക്രിയ പൂർത്തിയായപ്പോൾ സംസ്ഥാനത്തൊട്ടാകെ, 31652 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.
സർക്കാർ മേഖല - 2102
എയ്ഡഡ് മേഖല -1308
അൺ എയ്ഡഡ് മേഖല -28242
ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ഹയർ സെക്കൻഡറി ഡയറക്ടർ ശിപാർശ ചെയ്ത ലിസ്റ്റിനു വിരുദ്ധമായി ഏതു സാഹചര്യത്തിലാണ് കൂടുതൽ സ്കൂളുകളും ബാച്ചുകളും അനുവദിച്ചതെന്നു വെളിപ്പെടുത്താമോ; മന്ത്രിസഭാ ഉപസമിതിയാണോ സ്കൂളുകളെ തിരഞ്ഞെടുത്തത്; പ്രസ്തുത സ്കൂളുകളെ തെരഞ്ഞെടുത്തതിന് എന്തു മാനദണ്ഡമാണു സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ; അധികമായി ഉൾപ്പെടുത്തപ്പെട്ട സ്കൂളുകളുടെ പേര് എപ്രകാരമാണ് കണ്ടെത്തിയത്;

(സി) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായ ആറംഗസമിതി 642 ഹയർ സെക്കന്ററി ബാച്ചുകളാണ് 2014-15 അധ്യയനവർഷത്തേക്ക് ശുപാർശ ചെയ്തത് എന്നാൽ 31/07/2014-ലെ സ.ഉ.(കൈ.) നം.147/14/പൊവി പ്രകാരം സർക്കാർ 700 ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചിരുന്നു. ഇങ്ങനെ അനുവദിക്കപ്പെട്ട ഹയർ സെക്കന്ററി ബാച്ചുകൾ 417 എണ്ണവും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായ ആറംഗസമിതി ശുപാർശ ചെയ്തതായിരുന്നു. അവശേഷിച്ച 283 ബാച്ചുകളാണ് മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ പ്രകാരം അധികമായി അനുവദിച്ചത്. ജന പ്രതിനിധികളും പ്രദേശവാസികളുടെ അഭ്യർത്ഥനകളും പ്രാദേശിക ആവശ്യകതകളും കണക്കിലെടുത്താണ് ആറംഗസമിതി ശുപാർശചെയ്യാതിരുന്ന 283 ബാച്ചുകൾ അധികമായി സർക്കാർ അനുവദിച്ചത്.

(ഡി) ഹയർ സെക്കൻഡറി ഡയറക്ടറുടെ ലിസ്റ്റിനു പുറമേയുള്ള സ്കൂളുകൾ അനുവദിച്ചതു സംബന്ധിച്ച് സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

(ഡി) ഡബ്ലി യു പി (സി) നം. 18176/2014മുതലായ ഹർജികളിൽ 18/08/2014-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ സത്യവാങ് മൂലം സമർപ്പിച്ചിട്ടുണ്ട്. 16/08/2014-ലെ മൂന്നാം അലോട്ട് മെന്റ് പ്രക്രിയ കഴിഞ്ഞപ്പോൾ ഏകദേശം 81,500 കുട്ടികൾ പ്ലസ് വൺ

പ്രവേശനത്തിനായി കാത്തിരിക്കുന്ന അവസ്ഥയിൽ തെക്കൻ ജില്ലയിൽ ഉൾപ്പെടെ അധിക ബാച്ചുകൾ ആവശ്യമാണെന്ന് ചൂണ്ടികാട്ടിയാണ് സത്യവാങ്മൂലം സമർപ്പിച്ചത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## District wise Details of total seats available during 2014-15 (Govt/Aided/Unaided)

| Dist | Total Seats | | | | Total Admitted | | | | Total Vacancy | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Govt TotalSeats | Aided TotalSeats | unaid TotalSeats | Total Seats | Govt Admitted | Aided Admitted | Unaid Admitted | Total Admitted | Govt Vacancy | Aided Vacancy | Unaid Vacancy | Total Vacancy |
| TVM | 14760 | 13425 | 7812 | 35997 | 15229 | 13398 | 5324 | 33951 | -469 | 27 | 2488 | 2046 |
| KLM | 11640 | 14400 | 4436 | 30476 | 11634 | 14332 | 2631 | 28597 | 6 | 68 | 1805 | 1879 |
| PTA | 4560 | 9530 | 2349 | 16439 | 4345 | 8653 | 915 | 13913 | 215 | 877 | 1434 | 2526 |
| ALP | 7920 | 15225 | 2323 | 25468 | 7605 | 14986 | 1245 | 23836 | 315 | 239 | 1078 | 1632 |
| KTM | 6420 | 15615 | 3553 | 25588 | 6186 | 14827 | 1869 | 22882 | 234 | 788 | 1684 | 2706 |
| IDK | 4620 | 6710 | 2006 | 13336 | 4250 | 6424 | 878 | 11552 | 370 | 286 | 1128 | 1784 |
| EKM | 11050 | 17335 | 6973 | 35358 | 10659 | 17410 | 4746 | 32815 | 391 | -75 | 2227 | 2543 |
| TCR | 12640 | 17515 | 5992 | 36147 | 12523 | 17355 | 3510 | 33388 | 117 | 160 | 2482 | 2759 |
| PKD | 14850 | 12123 | 4663 | 31636 | 14657 | 12165 | 2494 | 29316 | 193 | -42 | 2169 | 2320 |
| KKD | 15190 | 17227 | 6256 | 38673 | 15238 | 17645 | 3507 | 36390 | -48 | -418 | 2749 | 2283 |
| MLP | 25620 | 21139 | 13503 | 60262 | 25496 | 21702 | 7963 | 55161 | 124 | -563 | 5540 | 5101 |
| WYD | 5420 | 3100 | 779 | 9299 | 5549 | 3049 | 418 | 9016 | -129 | 51 | 361 | 283 |
| KNR | 17080 | 11725 | 3179 | 31984 | 16590 | 11737 | 1578 | 29905 | 490 | -12 | 1601 | 2079 |
| KSD | 9710 | 3490 | 2706 | 15906 | 9417 | 3568 | 1210 | 14195 | 293 | -78 | 1496 | 1711 |
| Total | 161480 | 178559 | 66530 | 406569 | 159378 | 177251 | 38288 | 374917 | 2102 | 1308 | 28242 | 31652 |